**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1022** **14-10-2026-ൽ മറുപടിയ്ക്ക്**

**ദുരന്തനിവാരണ അതോറിറ്റി നൽകുന്ന മുന്നറിയിപ്പ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എൻ. ബാലഗോപാൽ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** 2026 ഓഗസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മേഖലകളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെട്ട് കാണാതായ സംഭവങ്ങൾക്ക് മുമ്പ് ദുരന്തനിവാരണ അതോറിറ്റി ആവശ്യമായ മുന്നറിയിപ്പ് നൽകിയിരുന്നോ; നൽകിയെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

**മറുപടി:** 2026 ഓഗസ്റ്റിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി മേഖലകളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെട്ട് കാണാതായ സംഭവങ്ങൾക്ക് മുൻപ് ദുരന്ത നിവാരണ അതോറിറ്റി ആവശ്യമായ കാലാവസ്ഥാ മുന്നറിയിപ്പ് നൽകിയിരുന്നു. പ്രസ്തുത മുന്നറിയിപ്പ് സമയബന്ധിതമായി സാമൂഹ്യമാധ്യമങ്ങൾ, മത്സ്യഭവനുകൾ, തീരദേശ ആരാധനാലയങ്ങൾ, ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ ഗ്രൂപ്പുകൾ (FVMC), മത്സ്യത്തൊഴിലാളി വാട്സ്ആപ്പ് ഗ്രൂപ്പുകൾ, മൈക്ക് അനൗൺസ്മെന്റ് എന്നിവ വഴി നൽകിയിരുന്നു.

| ക്രമ നം. | കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകിയ തീയതികൾ |
|---|---|
| 1. | 01/08/2026 |
| 2. | 02/08/2026 |
| 3. | 03/08/2026 |
| 4. | 04/08/2026 |
| 5. | 05/08/2026 |
| 6. | 06/08/2026 |
| 7. | 07/08/2026 |
| 8. | 08/08/2026 |
| 9. | 09/08/2026 |
| 10. | 10/08/2026 |

| | |
|---|---|
| 11. | 11/08/2026 |
| 12. | 12/08/2026 |
| 13 | 13/08/2026 |
| 14. | 14/08/2026 |
| 15. | 15/08/2026 |
| 16. | 16/08/2026 |
| 17. | 18/08/2026 |
| 18. | 19/08/2026 |
| 19. | 20/08/2026 |
| 20. | 23/08/2026 |
| 21. | 24/08/2026 |
| 22. | 25/08/2026 |
| 23. | 26/08/2026 |
| 24. | 27/08/2026 |
| 25. | 28/08/2026 |
| 26. | 29/08/2026 |

**(ബി)** പ്രസ്തുത മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് സമയബന്ധിതമായി ലഭിച്ചിരുന്നോ; എസ്.എം.എസ്., മൊബൈൽ ആപ്പ്, വി.എച്ച്.എഫ്.(വെരി ഹൈ ഫ്രീക്വൻസി), തീരദേശ പോലീസ്, ഹാർബർ അനൗൺസ്മെന്റ് തുടങ്ങിയ ഏതെങ്കിലും സംവിധാനങ്ങളിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത മുന്നറിയിപ്പ് സമയബന്ധിതമായി തീരദേശ ആരാധനാലയങ്ങൾ, സാമൂഹ്യമാധ്യമങ്ങൾ, മത്സ്യഭവനുകൾ എന്നിവ വഴി നൽകിയിരുന്നു. വീഴ്ച ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** പ്രസ്തുത സംഭവങ്ങളിൽ കാണാതായ മത്സ്യത്തൊഴിലാളികളിൽ നാളിതുവരെ കണ്ടെത്താനാകാത്തവർ എത്ര പേരാണുള്ളതെന്ന് അറിയിക്കാമോ; ഇവരെ കണ്ടെത്തുന്നതിനായി അപകടം നടന്ന ദിവസം മുതൽ നടത്തിയ തിരച്ചിൽ നടപടികൾ തീയതി തിരിച്ച് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പ്രസ്തുത സംഭവങ്ങളിൽ കാണാതായ മത്സ്യത്തൊഴിലാളികളിൽ ശ്രീ ഷിജിൻ (32), വിളക്ക്മാടം അഞ്ചുതെങ്ങ്, തിരുവനന്തപുരം, ശ്രീ. ജോൺ മത്യാസ് (61) പുല്ലുവിള, പള്ളം തിരുവനന്തപുരം എന്നീ രണ്ട് പേരെയാണ് നാളിതുവരെ കണ്ടെത്താനാകാത്തത്.

കാണാതായവരെ കണ്ടെത്തുന്നതിനായി 01-08-2026 മുതൽ 24-08-2026 വരെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ പറയും പ്രകാരം തീയതികളിൽ വകുപ്പിന്റെ മറൈൻ ആംബുലൻസ്, റെസ്ക്യൂ ബോട്ട്, കോസ്റ്റ് ഗാർഡ് ബോട്ട്, കപ്പൽ, ഡോണിയർ വിമാനം സ്കൂബ ഡൈവിംഗ് ടീം എന്നിവ ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ് എന്നിവരുടെ നേതൃത്വത്തിലാണ് തെരച്ചിൽ നടത്തിയത്.

**(ഡി)** തിരച്ചിൽ ആരംഭിക്കുന്നതിലും കോസ്റ്റ് ഗാർഡ്, നേവി, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് തുടങ്ങിയ സംവിധാനങ്ങൾ വിന്യസിക്കുന്നതിലും കാലതാമസം ഉണ്ടായെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിലെ വീഴ്ചകൾ എന്തൊക്കെയാണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** തിരുവനന്തപുരം ജില്ലയിൽ രക്ഷാപ്രവർത്തന സംവിധാനങ്ങളൊക്കെയും കാലതാമസം കൂടാതെ കൂട്ടായ്മയോടുകൂടി റെസ്ക്യൂ ഓപ്പറേഷൻ നടപടികളിൽ പങ്കാളികളായിട്ടുണ്ട്. കാലതാമസം ഉണ്ടായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഇ)** കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ ഹെലികോപ്റ്റർ ഉപയോഗിച്ച് തിരിച്ചിൽ നടത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ;

**<u>മറുപടി:</u>** നേവി, കോസ്റ്റ് ഗാർഡ് എന്നീ വകുപ്പുകളുടെ Aerial സംവിധാനം വഴി കാണാതായ മത്സ്യത്തൊഴിലാളികൾക്കുള്ള തിരച്ചിൽ നടത്തിയിട്ടുണ്ട്.

**(എഫ്)** കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് അടിയന്തര ധനസഹായം, നഷ്ടപരിഹാരം, കുടുംബപെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ സഹായം, മറ്റ് പുനരധിവാസ സഹായങ്ങൾ എന്നിവ അനുവദിക്കപ്പെട്ടതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; കാണാതായ മത്സ്യത്തൊഴിലാളികളെ ഇതുവരെ കണ്ടെത്താനാകാത്ത സാഹചര്യത്തിൽ കുടുംബങ്ങൾക്ക് അനുവദിച്ച സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** തിരുവനന്തപുരം ജില്ലയിൽ കാണാതായ ശ്രീ.ഷിജിൻ (32), വിളക്ക്മാടം, അഞ്ചുതെങ്ങ്, തിരുവനന്തപുരം എന്ന ആളുടെ കുടുംബത്തിന് കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന 20,000/- രൂപയുടെ അടിയന്തിര സഹായം നൽകിയിട്ടുണ്ട്.

**(ജി)** ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ കൃത്യമായ ഏകോപനത്തോടെ സജ്ജീകരണം ഒരുക്കുന്നതിനുവേണ്ടി ഒരു Standard Operating Procedure (SOP) രൂപീകരിക്കാൻ സർക്കാർ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, മത്സ്യത്തൊഴിലാളികൾക്ക് കടലിൽ വെച്ച് അപകടങ്ങൾ ഉണ്ടാകുമ്പോൾ അവരെ വളരെ വേഗം രക്ഷപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒരു കരട് SOP, ഫിഷറീസ് വകുപ്പ് തയ്യാറാക്കി, സ്റ്റേക്ക് ഹോൾഡേഴ്സുമായി പ്രാഥമിക ചർച്ച നടത്തി, അവരുടെ നിർദ്ദേശ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ഫിഷറീസ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

തുടർന്ന്, പ്രസ്തുത SOP മത്സ്യമേഖലയിലെ സംഘടനാ പ്രതിനിധികളെയും മറ്റ് സ്റ്റേക്ക് ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി ഫിഷറീസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി ചർച്ച

ചെയ്യാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 09-10-2026-ന് ബന്ധപ്പെട്ടവരുമായി ഒരു മീറ്റിംഗ് കൂടുകയും, മീറ്റിംഗിൽ ഉണ്ടായ അവരുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത SOP ഭേദഗതി ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ട്രാൻസ്പോണ്ടറുകൾ മുഖേന കാലാവസ്ഥാ മുന്നറിയിപ്പ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**